**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **29-07-2021 - ൽ മറുപടിയ്ക്ക്**

**പള്ളിപ്പുറത്തെ മണൽ ഇഷ്ടിക ഫാക്ടറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പിന് കീഴിൽ ചേർത്തല-പള്ളിപ്പുറത്ത് പ്രവർത്തിച്ചിരുന്ന മണൽ ഇഷ്ടിക ഫാക്ടറിയുടെ ഏക്കർ കണക്കിന് ഭൂമി വർഷങ്ങളായി തരിശായി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ സ്ഥിതിചെയ്യുന്ന 6.64 ഹെക്ടർ ഭൂമി കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് ലിമിറ്റഡ് എന്ന കമ്പനിയുടേതായിരുന്നു. ടി കമ്പനി പ്രവർത്തനം നിലച്ച് ലിക്വിഡേറ്റ് ചെയ്യപ്പെട്ടതിനെത്തുടർന്ന് കെ.എസ്.ഐ.ഡി.സി -യുടെ കൈവശമാണ് നിലവിൽ പ്രസ്തുത ഭൂമിയുള്ളത്. |
| (ബി) | പ്രസ്തുത സ്ഥലം മറ്റേതെങ്കിലും വകുപ്പിന് കൈമാറുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | പ്രസ്തുത ഭൂമി പരമ്പരാഗത വ്യവസായങ്ങളുടെ മാതൃകാ വില്ലേജ് സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി ക്ക് ഇതിന്റെ വില നൽകും എന്ന വ്യവസ്ഥയിൽ കയർ വികസന വകുപ്പിന് കൈമാറുന്നതിന് 27.06.2013-ലെ സ.ഉ.(കൈ)നം.284/2013/റവന്യൂ പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. |
| (സി) | പ്രസ്തുത സ്ഥലം മറ്റേതെങ്കിലും പ്രോജക്ടിനായി ഉപയോഗിക്കുന്നതിന് സർക്കാർ ശ്രമിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | (ബി) പിരിവിനുള്ള മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ